# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 428

04.06.2018 — ൽ മറുപടിക്ക്

## റേഷൻ വിതരണത്തിന് നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി<br>,, എ.എം. ആരിഫ്<br>,, മുരളി പെരുനെല്ലി<br>,, എം. രാജഗോപാലൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ വഴിയുളള റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. എല്ലാ റേഷൻകടകളിലും വാതിൽപ്പടി വിതരണം മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നുണ്ട്. റേഷൻ കടകളിലെ സ്റ്റോക്ക് വിവരങ്ങൾ, ട്രാൻസാക്ഷൻ വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന ട്രാൻസ്പാരൻസി പോർട്ടൽ മുഖേന പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കാൻ സാധിക്കും. കൂടുതൽ ഫലപ്രദവും അഴിമതിരഹിതവും സുതാര്യവുമായ ഒരു റേഷൻ സംവിധാനം നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. റേഷൻ വിഹിതം കടകളിൽ എത്തിയിട്ടുണ്ടെന്ന് SMS നൽകാറുണ്ട്. |
| (ബി) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ഒരു റേഷൻ കടയുടെ കീഴിൽ കാർഡുള്ളയാൾക്ക് മറ്റൊരു റേഷൻ വിതരണ കേന്ദ്രത്തിൽ നിന്ന് സാധനങ്ങൾ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത പോർട്ടബിലിറ്റി സംവിധാനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് ഏതു റേഷൻ കടയിൽ നിന്നു വേണമെങ്കിലും റേഷൻ വാങ്ങാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ജി.പി.എസ്. സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള RFP (Request for Proposal) തയ്യാറാക്കി വരുന്നു. |

*സെക്ഷൻ ഓഫീസർ*